(ബി) കേരളത്തിന്റെ തൊഴിൽ മേഖലയിൽ നിലവിലുള്ള സ്ഥിതിയിൽ എന്തെല്ലാം മാറ്റങ്ങൾ ആവശ്യമായിരിക്കുന്നതായി സർക്കാർ കരുതുന്നു ;

(സി) തൊഴിലാളികൾക്ക് ദ്രോഹകരവും വിദേശ മാർഗ്ഗനിർദ്ദേശങ്ങളോടും കൂടിയ നവീകരണ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പ് പരിശോധിക്കുകയുണ്ടായോ ;

(ഡി) തൊഴിൽ രംഗത്ത് വരുത്തേണ്ടുന്ന നവീകരണം സംബന്ധിച്ച് തൊഴിൽ മേഖലയിലുള്ളവരുമായി വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ ;

(ഇ) നിലവിലുള്ള തൊഴിൽ നിയമങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് ഭരണനവീകരണ കരാറിൽ വ്യവസ്ഥയുണ്ടോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഭരണ നവീകരണത്തിനുള്ള സർക്കാർ പരിപാടികളിൽ തൊഴിൽ മേഖലയെ സംബന്ധിച്ച കാര്യങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ചർച്ചകൾക്ക് ശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ബി) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുക, തൊഴിൽ പ്രശ്നങ്ങൾ സമയബന്ധിതമായും ഫലവത്തായും പരിഹരിക്കുന്നതിന് ഇപ്പോഴുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, തൊഴിലാളി-തൊഴിലുടമ ബന്ധം കൂടുതൽ ആരോഗ്യകരമാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) തൊഴിലാളികൾക്ക് ദ്രോഹകരമായ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ഡി) തൊഴിൽ മേഖലയിലെ നവീകരണ പദ്ധതികളെ സംബന്ധിച്ച് അവസാന തീരുമാനം എടുക്കുന്നതിനുമുമ്പായി തൊഴിൽ മേഖലയിലുള്ളവരുമായി സർക്കാർ തലത്തിൽ ചർച്ച നടത്തുന്നതാണ്.

(ഇ) ഇല്ല.

പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറക്കാൻ നടപടി

23 (* 730) ശ്രീ. എ. സുജനപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൻകിട-ഇടത്തരം വ്യവസായശാലകൾ പൂട്ടിക്കിടപ്പുണ്ട് ;

(ബി) ഇവ പൂട്ടിയതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) ഇവ തുറക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവ പൂട്ടിക്കിടക്കുന്നതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള 5 പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടിക്കിടക്കുന്നത്. കൂടാതെ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ഇപ്പോൾ ലേ ഓഫിലാണ്. പൂട്ടാതേയോ ലോക്കൗട്ട് ചെയ്യാതേയോ പ്രവർത്തനം നിലച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 6 ആണ്. കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള 64 സഹകാര്യ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടപ്പുണ്ട്.

(ബി) നഷ്ടത്തിലുള്ള പ്രവർത്തനം, പ്രവർത്ത മൂലധനത്തിലുള്ള അപര്യാപ്തത, ബി.ഐ.എഫ്.ആർ. ന്റെ നിർദ്ദേശം എന്നീ കാരണങ്ങൾ കൊണ്ടാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിക്കാനായത്. കൂടാതെ കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള ഓരോ വ്യവസായ സ്ഥാപനങ്ങളും പൂട്ടിയതിനുള്ള കാരണങ്ങൾ അനുബന്ധത്തിൽ പ്രത്യേകം പ്രത്യേകമായി നൽകിയിട്ടുണ്ട്.*

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിക്കുന്ന ശുപാർശകൾ അടിസ്ഥാനമാക്കിയാണ്. കമ്പനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ തീരുമാനമെടുക്കുന്നത്. കഴിയുന്നതും സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തിയുള്ള പുനരുദ്ധാരണത്തിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. കൂടാതെ സഹകാര്യ മേഖലയുടെ പങ്കാളിത്തത്തോടെയുള്ള പുനരുദ്ധാരണവും സർക്കാർ പരിശോധിച്ചു വരികയാണ്.

കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള സഹകാര്യ സ്ഥാപനങ്ങൾ തുറക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വി. ആർ. എസ്. നൽകിയിട്ടുള്ള സ്ഥാപനങ്ങളൊഴികെയുള്ളവയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം 1311 ആണ്. കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകളിലെല്ലാം കൂടി 6504 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

റോഡപകടങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

24 (* 731) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന റോഡപകടം സംബന്ധിച്ചും റോഡ് സുരക്ഷിതത്വ മാർഗ്ഗങ്ങൾ സംബന്ധിച്ചും പഠനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly